ശ്രീ. ടി. ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട ആര്യാടൻ പറഞ്ഞതിനോടും ഞാൻ യോജിക്കുന്നു. അദ്ദേഹം പുറത്തുപോയതാണ്.

മി. സ്പീക്കർ : ഇവിടെ ശ്രീ. ടി.എം. ജേക്കബ് ഒരു ക്രമപ്രശ്നമായി ഉന്നയിച്ചതുകൊണ്ട് ചെയർ ഒരു കാര്യം പറയാം. അല്ലെങ്കിൽ പറയേണ്ട കാര്യമില്ലായിരുന്നു. ഇവിടെ വാക്കൗട്ട് എന്നൊക്കെ പറയുന്നത്. . . (തടസ്സം) . . . ഇത് സ്ഥിരമായിട്ടുള്ള ഒരു കാര്യമാണല്ലോ ..... വാക്കൗട്ട് എന്നുപറയുന്നത് സഭാ നടപടികളുടെ ഭാഗമാണ്. ഇവിടെ മിക്കവാറും ദിവസങ്ങളിൽ ഉണ്ടാകാറുണ്ടല്ലോ. എല്ലാ ദിവസവും ഇല്ലെങ്കിലും. അതൊക്കെ രേഖയിലുണ്ട്. അത് സഭാ നടപടികളുടെ ഭാഗമാണ്. അങ്ങനെയുള്ള നടപടികൾ നടക്കുന്നത് ചെയറിന്റെ അറിവോടു കൂടിയാണ്. അത് ഇതിന്റെ ഭാഗമാണ്. ഇന്ന് ഇവിടെ നടന്നുവെന്ന് പറയുന്ന നടപടി എന്താണെന്ന് എനിക്കറിയില്ല. ചെയറിന്റെ അനുമതിയോടുകൂടിയല്ലാതെ ആരും ഈ സഭയിൽനിന്ന് വാക്കൗട്ട് ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട രാജുവിന് സമയം ചോദിക്കാമായിരുന്നു. പറഞ്ഞാൽ പോരല്ലോ. ചെയറിന്റെ അനുമതിയോടുകൂടിയല്ലാതെ ആരുംതന്നെ സഭയിൽനിന്നും വാക്കൗട്ട് ചെയ്തിട്ടില്ല, അതുകൊണ്ടുതന്നെ സഭാ നടപടിയുടെ ഭാഗമായി അങ്ങനെയൊരു വാക്കൗട്ട് ഇല്ലെന്നുള്ള കാര്യം അറിയിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സഭയിൽ ഒരു മെമ്പർ ഇങ്ങനെ പോയതിന് പ്രീസിഡന്റുണ്ട്. ഞാൻ പറഞ്ഞുതരാം. സി.പി.ഐ.എം.-ൽനിന്ന് ഒരാൾ പോയിട്ടുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങ് നൽകിയ റൂളിംഗിനെ ഞങ്ങൾ അംഗീകരിക്കുന്നു. അതിനെ ധിക്കരിക്കുന്നില്ല. ബഹുമാനപ്പെട്ട രാജു ഇറങ്ങിപോയത് എന്തിനാണ്?

മി. സ്പീക്കർ : അത് നമുക്ക് പിന്നെ അന്വേഷിക്കാം. അങ്ങേയ്ക്കും അന്വേഷിക്കാം.

VI. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(i) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly